(എഫ്) പ്രസ്തുത പ്രതികൾ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ടവരാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സി.പി.എം. അനുഭാവികൾ

(സി) ക്രൈംബ്രാഞ്ച്

(ഡി) പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്

(ഇ) നിസാറിനെ കൊലപ്പെടുത്തിയ കേസ്സിൽ റഷീദ്, സുനിൽ എന്നിവരേയും സുബൈർകൊലക്കേസ്സിൽ ഹമീദ്, അഹമ്മദ്, അശോകൻ, സൂരജ് എന്നിവരേയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(എഫ്) പ്രതികളുടെ രാഷ്ട്രീയ ബന്ധം വ്യക്തമല്ല.

എം. പി. റഷീദിന്റെ മരണം

89 (1023) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ അതിർത്തിയിലെ എം. പി. റഷീദിന്റെ മരണം സംബന്ധിച്ച അന്വേഷണ പുരോഗതി വ്യക്തമാക്കുമോ ;

(ബി) മരണം കൊലപാതകമാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അന്വേഷണം എവിടെവരെയായി ;

(ഡി) അന്വേഷണം നടത്തുന്നത് ആരാണ്;

(ഇ) പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തോ ;

(എഫ്) അന്വേഷണം ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി) ഉണ്ട്.

(സി & ഡി) കേസ് മലപ്പുറം ജോയിന്റ് എസ്. പി. അന്വേഷിച്ചു വരുന്നു.

(ഇ & എഫ്) അന്വേഷണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly